ഉത്തരം

കപ്പലണ്ടിമുക്ക് കോളനി നാഷണൽ ഹൈവേയുടെ വശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പ്രസ്തുത ഭൂമി പതിച്ചുനൽകാൻ നിർവ്വാഹമില്ലാത്തതാണ്.

നദികളിൽ നിന്നും മണൽ ഖനനം നിയന്ത്രിക്കാൻ നടപടി

163(3085) ഡോ. കെ. ടി. ജലീൽ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നദികളിൽനിന്നും മണൽ ഖനനത്തിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു പാരിസ്ഥിതിക ആഘാതത്തിന് ഇടയാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നദികളിൽനിന്നും വ്യാപകമായി അനധികൃത മണൽ ഖനനം നടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽമാഫിയയും ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് അനധികൃത മണൽ വാരലിന് കാരണമായിട്ടുള്ളതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(സി) നദീതീര സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; പ്രസ്തുത നിയമപ്രകാരമുള്ള നദീസംരക്ഷണ സേനക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 15-11-2014-ലെ സ.ഉ.(കൈ)നമ്പർ 13/2014/പരി. ഉത്തരവ് പ്രകാരം മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത നദികളിൽനിന്ന് മൂന്ന് മാസംവരെ മണൽ ഖനനം നടത്തുന്നതിന് താല്ക്കാലിക അനുമതി നൽകിയിട്ടുണ്ട്. കാലാവസ്ഥാ പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിന് വിധേയമായാണ് ഖനനാനുമതി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണൽ ഖനനത്തിനെതിരെ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനം നടത്തി ഇത്തരം അനധികൃത പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം ഭേദഗതിപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക സംരക്ഷണസേനയുടെ രൂപീകരണം സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ടിവാൻഡ്രം ക്ലബ് സൊസൈറ്റി

164(3086) ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്ത ടിവാൻഡ്രം ഗോൾഫ് ക്ലബ്ബിൽ 'സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ടിവാൻഡ്രം ഗോൾഫ് ക്ലബ് എന്നൊരു സൊസൈറ്റി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സൊസൈറ്റിയുടെ ബൈലോയ്ക്ക് അംഗീകാരം കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ അംഗീകാരം ലഭിച്ച ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഗോൾഫ് ക്ളബിൽ ഇപ്പോൾ അഡ്ഹോക്ക് കമ്മിറ്റി ആണോ ഭരണം നടത്തുന്നത് ;

(ഇ) ആണെങ്കിൽ അഡ്ഹോക് കമ്മിറ്റിയെ ആരാണ് ഭരണച്ചുമതല ഏൽപ്പിച്ചത് ;

(എഫ്) ഈ അഡ്ഹോക് കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത് ;

(ജി) ഈ അഡ്ഹോക് കമ്മിറ്റിയിൽ സർക്കാരിനെതിരെ കേസ് നടത്തിയ പഴയ സ്വകാര്യ ക്ലബ്ബിലെ അംഗങ്ങളും പ്രവർത്തിക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുമായി ഒപ്പുവച്ച

LIBRARY ARCHIVES Kerala Legislative Assembly